**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*308 — 20.06.2019 ൽ മറുപടിക്ക്

## ആർദ്രം മിഷൻ

| ചോദ്യം<br><br>ശ്രീ.കെ. ആൻസലൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ. കെ.ഡി. പ്രസേനൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സാധാരണക്കാർക്കും പാർശ്വവത്കരിക്കപ്പെട്ട സാമൂഹിക വിഭാഗങ്ങൾക്കും ഗുണമേന്മയുള്ളതും സമയബന്ധിതവുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് ആർദ്രം മിഷനിലൂടെ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ത്രിതല ആരോഗ്യസംവിധാനത്തിന്റെ നെടുംതൂണായ പ്രഥമികാരോഗ്യ സംവിധാനങ്ങളെ നമ്മുടെ നാട്ടിലെ ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ പരിഹരിക്കുന്ന രീതിയിൽ പരിവർത്തനപ്പെടുത്താനും ശക്തിപ്പെടുത്താനുമുള്ള ബഹുവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തുന്നതിനും ആധുനിക രീതിയിലുള്ള ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരടക്കമുള്ള അധിക ജീവനക്കാരെ നിയമിച്ച് ആരോഗ്യ സേവനങ്ങൾ വിപുലപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ആർദ്രം പദ്ധതിപ്രകാരം നടപ്പിലാക്കി വരുന്നത്.<br><br>• പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.<br>• ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട്, കിഫ്ബി, നബാർഡ്. എൻ.എച്ച്.എം. എം.പി./ എം.എൽ.എ ആസ്തി വികസന ഫണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ |

| | | | |
|---|---|---|---|
| | | | ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് അടിസ്ഥാന സൗകര്യവികസനങ്ങൾ നടപ്പിലാക്കുന്നു.<br>• ആർദ്രം മിഷന്റെ ഭാഗമായി സൂപ്പർസ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരുടേതുൾപ്പടെ വിവിധ വിഭാഗം തസ്തികകൾ സൃഷ്ടിച്ചു.<br>• ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ / താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന പ്രവർത്തനങ്ങളും (സ്റ്റാൻഡേർഡൈസേഷൻ ഓഫ് ഹോസ്പിറ്റൽസ്) ജില്ലാ / താലൂക്ക് തല ആശുപത്രികളിലെ ഒ.പി. വിഭാഗങ്ങൾ രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.<br><br>ഗവൺമെന്റ് മെഡിക്കൽകോളേജ് ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട് (കോട്ടയത്തെ അഡീഷണൽ വർക്കുകൾ ഒഴികെയുള്ളത്) പാർശ്വവത്കരിക്കപ്പെട്ട സാമൂഹിക വിഭാഗങ്ങൾക്കും, ആദിവാസി സമൂഹത്തിനും ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നതിനായി "ഊരുതല ആശ" പദ്ധതി ആവിഷ്കരിച്ചു. തീരദേശ, ആദിവാസി മേഖലയിലെ ആശുപത്രികളുടെ ശക്തിപ്പെടുത്തലിനായി പ്ലാൻ ഫണ്ടിൽ ഉൾക്കൊള്ളിച്ച് പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനും രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. രോഗികൾക്ക് വിശ്രമിക്കുന്നതിന് ആവശ്യമായ കാത്തിരിപ്പ് മുറികൾ. ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ. രോഗീസൗഹൃദ ശുചിമുറികൾ. സ്ത്രീകൾക്കും |

| | | | |
|---|---|---|---|
| | | | പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ. ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം. രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പരിശോധന മുറികൾ, കാത്തിരിപ്പ മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, ശ്വാസ്, ആശ്വാസ് സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവ ലഭ്യമാക്കി വരുന്നു. |
| (ബി) | പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ആർദ്രം മിഷൻ മുഖേന നടപ്പിലാക്കിയ ആരോഗ്യജാഗ്രതാകർമ്മപരിപാടികളുടെ വിശദാംശം നൽകുമോ; | (ബി) | പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് ആർദ്രം മിഷനും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും, ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കി വരുന്ന കർമ്മപദ്ധതിയാണ് "ആരോഗ്യജാഗ്രത". സമയബന്ധിതമായ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രതിദിനം പ്രതിരോധത്തിലൂന്നിയ പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്.<br><br>സംസ്ഥാനം നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നമായ പകർച്ചവ്യാധികൾ പ്രധാനമായും കൊതുകുജന്യ / ജന്തു ജന്യ / വായുജന്യ / ജലജന്യ രോഗങ്ങളാണ്. ഇവയുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും പരിസരശുചിത്വം, മാലിന്യനിർമാർജനം, കൊതുക് നിയന്ത്രണത്തിന്റെ ഭാഗമായുള്ള ഉറവിട നശീകരണ പ്രവർത്തനങ്ങൾ, കുടിവെള്ള ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, ഇതര വകുപ്പുകളുടെയും സഹകരണത്തോടെ ഫലപ്രദമായി നടത്തിവരുന്നു.<br><br>ജന്തുജന്യ രോഗസാധ്യതകൾ |

| | | | |
|---|---|---|---|
| | | | കുറയ്ക്കുന്നതിനും ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യപരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഭക്ഷ്യവിഷബാധകൾ ഒഴിവാക്കുന്നതിനും ഇതര വകുപ്പുകളുടെ സഹകരണത്തോടെ ബാധകമായ പൊതുജനാരോഗ്യ നിയമങ്ങൾ ഉൾപ്പെടുത്തിയുള്ള ആരോഗ്യ സുരക്ഷ പരിശോധനകളും, കർശനമായി നടപ്പാക്കിവരുന്നു.<br>ഇതോടൊപ്പം ഐ.ഡി.എസ്.പി.. എൻ.വി.ഡി.സി.പി തുടങ്ങിയ ദേശീയ ആരോഗ്യപരിപാടികളുടെ ഭാഗമായി പകർച്ചവ്യാധി നിരീക്ഷണം, കൊതുകുനിരീക്ഷണം, രോഗം പൊട്ടിപ്പുറപ്പെടുന്നിടങ്ങളിൽ ഊർജിത നിയന്ത്രണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. |
| (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടികളുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ? | (സി) | 2017-18 ൽ 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റാനായി തിരഞ്ഞെടുക്കുകയും ഇവയിൽ 160 കേന്ദ്രങ്ങളുടെ പണി പൂർത്തീകരിക്കുകയും ബാക്കിയുള്ളവ പൂർത്തിയായി വരികയും ചെയ്യുന്നു. 170 പ്രഥമികാരോഗ്യ കേന്ദ്രങ്ങളിലേക്ക് ഒരു കേന്ദ്രത്തിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും 150 കേന്ദ്രങ്ങളിലേക്ക് ഓരോ ഫാർമസിസ്റ്റ് തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളുടെ സേവനം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിക്കുകയും, നഴ്സസ് പ്രീ ചെക്ക്, കൗൺസിലിംഗ്, എൻ.സി.ഡി. ക്ലിനിക്ക്, ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക് മുതലായ സേവനങ്ങൾ അധികമായി ലഭ്യമാക്കിവരുന്നു. ടി കേന്ദ്രങ്ങൾ രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട രജിസ്ട്രേഷൻ സൗകര്യങ്ങൾ. അധിക സൗകര്യങ്ങളോടു കൂടിയ വെയിറ്റിങ്ങ് ഏരിയ. പബ്ലിക് അഡ്രസിംഗ് സിസ്റ്റം മുതലായവ സജ്ജീകരിച്ചിട്ടുണ്ട്.<br>2018-19 ലേക്കായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാൻ 504 സ്ഥാപനങ്ങളെ തെരെഞ്ഞെടുത്ത്. |

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും. പരിശീലന പരിപാടികളും നടത്തിവരുന്നു. ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 170 പ്രഥമികാരോഗ്യകേന്ദ്രങ്ങൾക്കായി 23 കോടി രൂപയും രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത 504 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് 95.55 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ 170 സ്ഥാപനങ്ങളിൽ 160 എണ്ണത്തിന്റെ പണി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരെഞ്ഞെടുക്കപ്പെട്ട 504 സ്ഥാപനങ്ങളിൽ 7 എണ്ണത്തിന്റെ പണി പൂർത്തികരിച്ചു, 71 എണ്ണത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 144 എണ്ണത്തിന്റെ ടെണ്ടർ നടപടികൾ കഴിഞ്ഞ് പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരെഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ